## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME:** 06.**30 PM** **DATE**: **14.10.2024**

## പ്രധാനവാർത്തകൾ

**1. ത്രിരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി അൾജീരിയയിൽ എത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു അൾജീരിയൻ പ്രസിഡൻറുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.**

**2. വയനാട് ദുരന്തത്തിൽ കേന്ദ്ര സഹായം ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കി. വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപവും നിയമസഭ ചർച്ച ചെയ്തു.**

**3. വഖഫ് നിയമ ഭേദഗതി ബിൽ പിൻവലിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ഒറ്റക്കെട്ടായി പാസാക്കി നിയമസഭ.**

**4. സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത**

RNU TVPM

5. രഞ്ജി ട്രോഫി ക്രിക്കറ്റിൽ പഞ്ചാബിനെതിരെ കേരളത്തിന് എട്ട് വിക്കറ്റ് ജയം.

&&&&&&&&&&&&&&&&&&

## രാഷ്ട്രപതി സന്ദർശനം

അൾജീരിയ സന്ദർശനത്തിന്റെ രണ്ടാം ദിനമായ ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു അൾജീരിയൻ പ്രസിഡൻറുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. രക്തസാക്ഷികളുടെ സ്മാരകമായ മഖാം എച്ചാഹിദും മുജാഹിദ് മ്യൂസിയവും രാഷ്ട്രപതി സന്ദർശിച്ചു. അൾജീരിയൻ ഇന്ത്യ ഇക്കണോമിക് ഫോറത്തെയും രാഷ്ട്രപതി മുർമു ഇന്ന് അഭിസംബോധന ചെയ്യും. ആഫ്രിക്കൻ സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ബുധനാഴ്ച മൗറിറ്റാനിയ സന്ദർശിക്കും. തുടർന്ന് ഈ മാസം 17 മുതൽ 19 വരെയാണ് മലാവി സന്ദർശനം.

RNU TVPM

&&&&&&&&&&&&&&&&&&

## വയനാട് – ഉപക്ഷേപം (ഇൻട്രോ)

വയനാട് ദുരന്തത്തിൽ കേന്ദ്ര സഹായം ആവശ്യപ്പെടുന്ന പ്രമേയം നിയമസഭ ഐകകണ്ഠേന പാസ്സാക്കി. മന്ത്രി എം ബി രാജേഷ് ആണ് പ്രമേയം സഭയിൽ അവതരിപ്പിച്ചത്. വയനാട് പുനരധിവാസവും,

കേന്ദ്രത്തിൽ നിന്നും സാമ്പത്തിക സഹായം ഉറപ്പു വരുത്തലും സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപവും നിയമസഭ ഇന്ന് വിശദമായ ചർച്ച ചെയ്തു. പ്രതിപക്ഷത്തു നിന്നും ടി സിദ്ദിഖ് ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. ദുരന്തത്തിൽ കേന്ദ്രസഹായം ഇതുവരെ ലഭ്യമായില്ല എന്നുള്ളത് ഗുരുതരമായ വിഷയമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. ദുരന്തത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായ സഹകരണമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതെന്നും അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ്)**

അതേസമയം, ദുരന്തത്തെ നേരിടുന്നതിന് കേന്ദ്രസഹായം ലഭിക്കുമെന്ന ശുഭപ്രതീക്ഷയാണ് സംസ്ഥാനത്തിനുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ദുരന്തത്തെ ഒന്നിച്ചു നേരിടാം എന്ന പ്രതിപക്ഷത്തിന്റെ നിലപാട് സ്വാഗതാർഹമാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

**(ഹോൾഡ്)**

ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതി ന്റെ അനിവാര്യതയെ കുറിച്ച് കേന്ദ്ര സർക്കാരുമായി വിശദമായ ചർച്ച നടത്തുമെന്നും മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

RIU TVPM

**കെ.സുരേന്ദ്രൻ**

വയനാട് ഉരുൾപൊട്ടലിൽ കേന്ദ്രസഹായം ലഭിച്ചില്ലെന്ന വ്യാജ പ്രമേയം നിയമസഭയിൽ പാസാക്കി എൽഡിഎഫും യുഡിഎഫും കേരളത്തിലെ ജനങ്ങളെ വഞ്ചിച്ചുവെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. നിയമസഭയെ ദുരുപയോഗം ചെയ്ത മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ജനങ്ങളോട് മാപ്പ് പറയണമെന്നും അദ്ദേഹം പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

**വഖഫ്**

RNUTVPM

വഖഫ് നിയമ ഭേദഗതി ബിൽ പിൻവലിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ ഐകകണ്ഠേന പാസാക്കി. ന്യൂനപക്ഷ ക്ഷേമ മന്ത്രി വി അബ്ദുറഹിമാൻ ആണ് പ്രമേയം അവതരിപ്പിച്ചത്. വഖഫ് വിഷയത്തിലെ സംസ്ഥാന സർക്കാരിന്റെ നിരവധി അധികാരങ്ങൾ കവർന്നെടുക്കുന്നതാണ് ബില്ലിലെ വ്യവസ്ഥകൾ എന്ന് പ്രമേയത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&&

**കെ രാജൻ -ദേശീയപാത (ഇൻട്രോ)(ഇൻട്രോ)**

കടമ്പാട്ടുകോണം- മധുര ദേശീയ പാതാ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം അനുവദിക്കുന്നതിലുള്ള ജനങ്ങളുടെ ആശങ്ക ഗൗരവതരമെന്ന് മന്ത്രി കെ രാജൻ. നിർമ്മിതികളുടെ കാലപ്പഴക്കത്തിന് അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് ദേശീയ പാതാ അതോറിറ്റിയുടെ ഉന്നത ഉദ്യോഗസ്ഥന്മാരെയും റവന്യ- പൊതുമരാമത്ത് ഉദ്യയോഗസ്ഥരുടെയും യോഗം വിളിച്ചുചേർക്കുമെന്നും ഇക്കാര്യത്തിൽ എല്ലാവിധ സഹായനിലപാടുകളുകളും സംസ്ഥാന സർക്കാർ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. നിയമസഭയിൽ പിഎസ് സുപാലിന്റെ സബ്മിഷന് മറുപടി നൽകുകയായിരുന്നു അദ്ദേഹം. (ഹോൾഡ്)

RNU TVPM

&&&&&&&&&&&&&&&&&&

**ശബരിമല**

തുലാമാസ പൂജകൾക്കായി ശബരിമല നട മറ്റന്നാൾ വൈകിട്ട് അഞ്ചിനു തുറക്കും. തന്ത്രി കണ്ഠരര് രാജീവരുടെ സാന്നിധ്യത്തിൽ മേൽശാന്തി പി.എൻ മഹേഷ് നമ്പൂതിരി നട തുറന്ന് ദീപം തെളിയിക്കും. ശബരിമലയിലേയും മാളികപുറത്തേയും പുതിയ മേൽശാന്തിമാരെ തെരെഞ്ഞെടുക്കുന്നതിനുള്ള നെറുക്കെടുപ്പ് തുലാം ഒന്നായ 17 നു രാവിലെ നടക്കും.

തുലാമാസ പൂജകൾ പൂർത്തിയാക്കി ഒക്ടോബർ 21 ന് നട അടയ്ക്കും.

&&&&&&&&&&&&&&&&&&

**എം ടി രമേശ്**

ശബരിമലയിൽ സർക്കാരും ദേവസ്വവും ഏകപക്ഷീയമായാണ് തീരുമാനം എടുക്കുന്നതെന്ന് ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എം ടി രമേശ്. സ്പോട് ബുക്കിങ് ഒഴിവാക്കാനുള്ള തീരുമാനത്തിൽ പുനരാലോചന വേണമെന്നും അദ്ദേഹം പറഞ്ഞു. തീർത്ഥാടകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ നിന്ന് സർക്കാർ പിന്തിരിയണമെന്ന് ശശി തരൂർ എം പി യും ആവശ്യപ്പെട്ടിരുന്നു.

RNUTVPM

&&&&&&&&&&&&&&&&&&

**ചീഫ് സെക്രട്ടറി**

ഉരുൾപ്പൊട്ടൽ നടന്ന കോഴിക്കോട് വിലങ്ങാട് ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ സന്ദർശനം നടത്തി. ദുരിതാശ്വാസ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് വിലങ്ങാട് നടത്തിയ പ്രവർത്തനങ്ങളെ കുറിച്ചും അതിന്റെ പുരോഗതിയെക്കുറിച്ചും ചീഫ് സെക്രട്ടറി വിലയിരുത്തി. കൃഷിയോഗ്യമായ ഭൂമിക്ക് സാധാരണ നഷ്ടപരിഹാരവും കൃഷിയോഗ്യമാക്കാൻ പറ്റാത്ത

ഭൂമിക്ക് അതിൻ്റെ അടിസ്ഥാനത്തിലുള്ള നഷ്ടപരിഹാരവും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**ഇന്ത്യ-കാനഡ**

കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സഞ്ജയ് കുമാർ വർമ്മയെ ഉൾപ്പെടുത്തിയുള്ള കനേഡിയൻ സർക്കാരിൻറെ അന്വേഷണത്തിൽ അതൃപ്തി അറിയിച്ച് കേന്ദ്ര വിദേശകാര്യ മന്ത്രാലയം. വിഷയവുമായി ബന്ധപ്പെട്ട് കാനഡയിൽ നിന്നുള്ള നയതന്ത്ര ആശയവിനിമയത്തിന് മറുപടിയായാണ് മന്ത്രാലയം നിലപാട് വ്യക്തമാക്കിയത്. അപകീർത്തികരമായ പരാമർശങ്ങളാണ് കാനഡ ഉന്നയിക്കുന്നതെന്നും, വോട്ട് ബാങ്ക് രാഷ്ട്രീയത്തെ കേന്ദ്രീകരിച്ചുള്ള ട്രൂഡോ സർക്കാരിൻ്റെ രാഷ്ട്രീയ അജണ്ടയാണിതെന്നും വിദേശകാര്യ മന്ത്രാലയം ആരോപിച്ചു.

&&&&&&&&&&&&&&&&&&

**ഹൈക്കോടതി നിർദ്ദേശം**

ജസ്റ്റിസ്ഹേമ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പീഡനത്തിനിരയായവരുടെ പേരുകൾ ഒരു കാരണവശാലും പുറത്തുവരരുതെന്ന് പ്രത്യേക അന്വേഷണ സംഘം ഉറപ്പുവരുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു. എഫ്ഐആറിന്റെ കോപ്പി പീഡനത്തിന് ഇരയായ വ്യക്തിക്ക് മാത്രമേ നൽകാവൂ

RNU TVPM

എന്നും ജസ്റ്റിസ് എ കെ ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് സി എസ് സുധ എന്നിവർ അടങ്ങിയ ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. കേസ് ഹൈക്കോടതി ഈ മാസം 28ന് വീണ്ടും പരിഗണിക്കും.

&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത്
ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. പത്തനംതിട്ട, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

RNUTVPM

&&&&&&&&&&&&&&&&&&

**രഞ്ജി ട്രോഫി**

രഞ്ജി ട്രോഫി ക്രിക്കറ്റിൽ പഞ്ചാബിനെതിരെ കേരളത്തിന് എട്ട് വിക്കറ്റ് ജയം. രണ്ടാം ഇന്നിംഗ്സിൽ 158 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കേരളം രണ്ട് വിക്കറ്റ് നഷ്ടത്തിൽ ജയം സ്വന്തമാക്കുകയായിരുന്നു. കേരളത്തിന് വേണ്ടി ക്യാപ്റ്റൻ സച്ചിൻ ബേബി 56 ഉം, രോഹൻ കുന്നുമ്മൽ 48 റൺസും നേടി.

&&&&&&&&&&&&&&&&&&&

## വനിതാ ട്വൻറി -20

വനിതാ ട്വൻറി -20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ന്യൂസിലാൻഡ് - പാകിസ്ഥാനുമായി ഏറ്റുമുട്ടും. മത്സരത്തിൽ പാകിസ്ഥാൻ വിജയിച്ചാൽ ഇന്ത്യ സെമിയിൽ പ്രവേശിക്കും. ഇന്നലെ നടന്ന മത്സരത്തിൽ 9 റൺസിന് ഇന്ത്യയെ പരാജയപ്പെടുത്തിയ ഓസ്ട്രേലിയ സെമി ഫൈനൽ ഉറപ്പിച്ചിരുന്നു.

&&&&&&&&&&&&&&&&&&&

## ജാമ്യം അനുവദിച്ചു

ഇന്ന് രാവിലെ കൊച്ചിയിൽ അറസ്റ്റിലായ നടൻ ബാലയ്ക്ക് എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചു. മുൻ ഭാര്യ അമൃത സുരേഷിനെയും മകളെയും ബന്ധപ്പെടാൻ പാടില്ല, ഇരുവർക്കും എതിരെ സമൂഹമാധ്യമങ്ങളിൽ പരാമർശിക്കരുത് തുടങ്ങിയ ഉപാധികളോടെ ആണ് ജാമ്യം അനുവദിച്ചത്. കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാധ്യമങ്ങളുമായി പങ്കുവെക്കരുത് എന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്. അമൃത സുരേഷിന്റെ പരാതിയെ തുടർന്നാണ് ബാലയെ കൊച്ചി സിറ്റി പോലീസ് അറസ്റ്റ് ചെയ്തത്.

RNU TVPM

&&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി ഇൻറൺഷിപ്പ്

പി എം ഇൻറേൺഷിപ്പ് പദ്ധതിയിലേക്കുള്ള രജിസ്ട്രേഷന് മികച്ച പ്രതികരണം. രജിസ്ട്രേഷൻ ഈ മാസം 25 വരെ തുടരും. pm internship.mca.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെയാണ് അപേക്ഷിക്കേണ്ടത്. പോർട്ടലിൽ ഇതുവരെ 193 കമ്പനികൾ ഏകദേശം 91,000 ഇൻറേൺഷിപ്പ് അവസരങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 1.25 ലക്ഷം പേർക്ക് ഇൻറേൺഷിപ്പ് നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&&

## വയനാട് വിനോദസഞ്ചാരം

വയനാട് ജില്ലയിലെ കുറുവാ ദ്വീപ് നാളെ മുതൽ സഞ്ചാരികൾക്ക് തുറന്നു കൊടുക്കും. ചെമ്പ്രാ പീക്ക് ട്രക്കിംഗ്, ബാണാസുരമല-മീൻമുട്ടി വെള്ളച്ചാട്ടം, കാറ്റുക്കുന്ന് -ആനച്ചോല ട്രക്കിങ് എന്നിവിടങ്ങളിൽ ഈ മാസം 21 മുതൽ പ്രവേശനം അനുവദിക്കും. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവേശന ഫീസ് ഇനത്തിൽ വർധന വരുത്തുകയും സന്ദർശകരുടെ എണ്ണം പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM